**Deepika**

**27 August 2018**

**Kalady; Flooded, After flood Disaster**



പ്രളയക്കെടുതി

# സംസ്കൃത സർവകലാശാലയ്ക്ക് പത്തു കോടിയുടെ നഷ്ടം

**കാലടി:** മഹാപ്രളയം കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ വരുത്തിയത് കോടികളുടെ നാശനഷ്ടമാണെന്നു പ്രാഥമിക റിപ്പോർട്ട്. സർവകലാശാലയിൽ വെള്ളം കയറാത്ത ഒരു കെട്ടിടം പോലുമില്ലെന്നും പ്രാഥമിക കണക്കെടുപ്പുപ്രകാരം കുറഞ്ഞത് 10 കോടിക്ക് മുകളിൽ നഷ്ടം വരുമെന്നും സർവകലാശാല വൈസ് ചാൻസലർ ഡോ. ധർമരാജ് അടാട്ട് അറിയിച്ചു. പ്രളയക്കെടുതിയിൽ സർവകലാശാലയുടെ പ്രവർത്തനം പൂർണമായും നിലച്ചു. സർവകലാശാലയിലെ എല്ലാ ജനറേറ്ററുകളും കെട്ടിടങ്ങളിലെ കൺട്രോൾ പാനലുകൾ, ഇലക്ട്രിക്കൽ റൂമിലെ മുഖ്യ കൺട്രോൾ പാനൽ എന്നിവയും കുടിവെള്ള ശുചീകരണ സംവിധാനങ്ങളും പൂർണമായും വെള്ളത്തിനടിയിലായി. വെള്ളവും ചെളിയും നിറഞ്ഞ ഭരണവിഭാഗ സമുച്ചയം പ്രവർത്തനക്ഷമമാകണമെങ്കിൽ കുറഞ്ഞതു രണ്ടാഴ്ചയെങ്കിലും വേണ്ടിവരും. ഭരണ വിഭാഗം കെട്ടിടത്തിന്റെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങൾ പ്രവർത്തനരഹിതമായി. വിവിധ പഠന വകുപ്പുകളിലേക്ക് വിതരണം ചെയ്യാനായി വാങ്ങിയ അറുപതോളം കംപ്യൂട്ടറുകൾക്ക് കേടുപാടുകൾ സംഭവിച്ചു. കൂടാതെ സർവകലാശാലയിലെ വിവിധ വിഭാഗങ്ങളിലേക്കും പഠനവകുപ്പുകളിലേക്കും പ്രാദേശിക കേന്ദ്രങ്ങളിലേക്കും വിതരണത്തിനായി സൂക്ഷിച്ചിരുന്ന പേപ്പറുകളും മറ്റു സ്റ്റേഷനറി സാമഗ്രികളും ഉപയോഗശൂന്യമായി. സർവകലാശലായുടെ എട്ടോളം ഔദ്യോഗിക വാഹനങ്ങൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

സർവകലാശാല ലൈബ്രറി, കൂത്തമ്പലം, പെയിന്റിംഗ് വിഭാഗം, മറ്റു പഠനവകുപ്പുകൾ, കാന്റീൻ, പെൺകുട്ടികളുടേയും ആൺകുട്ടികളുടേയും ഹോസ്റ്റലുകൾ, ഡേ കെയർ സെന്റർ, ഗസ്റ്റ്ഹൗസ് എന്നിവിടങ്ങളിൽ വൻ നാശനഷ്ടം ഉണ്ടായി. പ്രിന്റിംഗ് പ്രസും അനുബന്ധ ഉപകരണങ്ങളും പരിഹരിക്കാനാവാത്തവിധം തകരാറിലായി. നൃത്ത-നാടക വിഭാഗത്തിലെ വിദ്യാർഥികളുടെ പഠനത്തിനായി ഉപയോഗിച്ചിരുന്ന വസ്ത്രങ്ങൾ, ആഭരണങ്ങൾ, ലൈറ്റുകൾ, കൺസോളുകൾ, മൈക്കുകൾ, ആംപ്ലിഫയറുകൾ എന്നിവ പൂർണമായും നശിച്ചു. വിദ്യാർഥികളുടെ എല്ലാ ഹോസ്റ്റലുകളുടേയും താഴത്തെ നില വെള്ളത്തിൽ മുങ്ങിയതിനാൽ അവരുടെ സർട്ടിഫിക്കറ്റുകൾ, ലാപ്ടോപ്പുകൾ, പുസ്തകങ്ങൾ, വസ്ത്രങ്ങൾ അടക്കമുള്ള എല്ലാ സാധനസാമഗ്രികളും നഷ്ടപ്പെട്ടു. കിണറുകൾ എല്ലാം ഉപയോഗ്യശൂന്യമായി. സർവകലാശാലയുടെ മുഖമുദ്രയായ ചിത്രമതിലിനും കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

കേന്ദ്ര ഫണ്ടിംഗ് ഏജൻസികളായ റൂസ, നാക് എന്നിവ അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിക്കാൻ കാലതാമസം വരും. ആയതിനാൽ പ്രസ്തുത ഏജൻസികളെ അറിയിച്ച് കൂടുതൽ സമയം അനുവദിക്കാൻ ആവശ്യപ്പെടേണ്ടതുണ്ട്.